**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4510** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കുടുംബങ്ങൾക്ക് നൽകി വരുന്ന ധനസഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് എന്തൊക്കെ തരത്തിലുള്ള ധനസഹായമാണ് നൽകിവരുന്നത് എന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ; | (എ) | പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇത്തരം ധനസഹായത്തിനുള്ള അപേക്ഷകൾ എം.എൽ.എ.മാർക്ക് നേരിട്ട് ലഭിക്കുന്ന പക്ഷം സി.എം.ഡി.ആർ.എഫ്. അപേക്ഷ സമർപ്പിക്കുന്ന മാതൃകയിൽ, സോഫ്റ്റ്‌വെയറിൽ പ്രത്യേക ലോഗിനിൽ അപ്‌ലോഡ് ചെയ്യുന്നതിന് സാധിക്കുമോ എന്നറിയിക്കാമോ? | (ബി) | ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് നിയമസഭാ സാമാജി കർക്കായി പ്രത്യേക ലോഗിൻ സംവിധാനം നിലവിലില്ല. ലോഗിൻ സംവിധാനം പ്രത്യേകം ഏർപ്പെടുത്തണോ എന്ന കാര്യം വിശദമായി പരിശോധിക്കുന്നതാണ്. നിലവിൽ വകുപ്പ് ഉദ്യോ ഗസ്ഥ തലത്തിലും ബഹു. വകുപ്പ് മന്ത്രിക്കുമാണ് ലോഗിൻ സംവിധാനം ക്രമീകരിച്ചിട്ടുള്ളത്. എം.എൽ.എ-മാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർക്ക് നേരിട്ട് വകുപ്പ് മന്ത്രിയുടെ ലോഗിനിലേക്ക് അയക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ |
|---|---|
| 1 | ചികിത്സാ ധനസഹായം |
| 2 | ഏകവരുമാനദായകന്റെ മരണത്തെ തുടർന്ന് കുടുംബത്തിന് നൽകുന്ന ധനസഹായം |
| 3 | ഭൂരഹിത പുനരധിവാസ പദ്ധതി |
| 4 | ദുർബല വിഭാഗങ്ങൾക്കുള്ള പുനരധി വാസ പദ്ധതി |
| 5 | ഭവന പൂർത്തീകരണ പദ്ധതി |
| 6 | വിവാഹ ധനസഹായം |
| 7 | മിശ്രവിവാഹ ധനസഹായം |
| 8 | വിദ്യാഭ്യാസ ധനസഹായം, അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, വിദേശ പഠന സഹായം |
| 9 | സ്വയം തൊഴിൽ പദ്ധതി |
| 10 | പഠന മുറി നിർമ്മാണ പദ്ധതി |
| 11 | ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം (ലൈഫ് മിഷൻ മുഖേന) |

സെക്ഷൻ ഓഫീസർ